**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5685** — **27.10.2011-ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പ് വിതരണം ചെയ്ത ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്:<br>ശ്രീ. വി.പി.സജീന്ദ്രൻ:<br>ശ്രീ.ഹൈബി ഈഡൻ:<br>ശ്രീ.ജോസഫ് വാഴക്കൻ: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പ് എത്ര രൂപയുടെ വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്തു; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ ആനുകൂല്യങ്ങൾക്കായി 242,66,13,707/- രൂപ ചെലവഴിച്ചു. |
| (ബി) ഏതെല്ലാം മേഖലയിലുള്ളവർക്കാണ് ഇവ വിതരണം ചെയ്തത്, വിശദാംശങ്ങൾ വെളിപ്പെടുത്തുമോ: | (ബി) കർഷക തൊഴിലാളി പെൻഷൻ, മരംകയറ്റ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ നൽകുന്ന എക്സ്ഗ്രേഷ്യ, തോട്ടം തൊഴിലാളികൾക്കുള്ള ആശ്വാസ സഹായം, 60 വയസ്സ് കഴിഞ്ഞ് കേരള കൈത്തറി തൊഴിലാളി ക്ഷേമപദ്ധതിയിൽ നിന്ന് 10 വർഷം സർവ്വീസ് പൂർത്തിയാക്കിയവരും ആശാൻ. ആശാട്ടി വിഭാഗത്തിൽപ്പെട്ട അസംഘടിത തൊഴിൽ മേഖലയിലെ പെൻഷൻ, ആരോഗ്യമേഖലയിലെ തൊഴിലാളികൾക്ക് ഇൻഷ്വറൻസ്, ദുരിതമനുഭവിക്കുന്ന എസ്റ്റേറ്റ് തൊഴിലാളികൾക്ക് ആശ്വാസം, ഓണക്കാലത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് |

എക്സ്ഗ്രേഷ്യാ ധനസഹായം, ക്ഷേമനിധി ബോർഡുകൾക്ക് പെൻഷൻ നൽകുവാനും അംശദാനമായും നൽകുന്ന സഹായം എന്നിവയാണ് തൊഴിൽ വകുപ്പു മുഖേന നൽകിവരുന്നത്. 2011 സെപ്റ്റംബർ വരെ അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

1) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്-13,80,07,000/-

2) കേരള മരംകയറ്റ തൊഴിലാളി ധനസഹായം -1,47,20,000/-

3) കൈത്തറി തൊഴിലാളി ക്ഷേമനിധി -2,31,84,000/-

4) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറി തൊഴിലാളികൾക്കുള്ള ധനസഹായം -32,00,000/-

5) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്-1,33,20,000/-

6) അസംഘടിത തൊഴിലാളികൾക്കുള്ള സഹായം -20,00,000/-

7) 1-4-97-ന് 60 വയസ്സ് തികഞ്ഞ ചുരുട്ടുതൊഴിലാളി പെൻഷൻ-13,76,000/-

8) കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് -69,81,200/-

9) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്-1,59,32,000/-

10) പൂട്ടിക്കിടക്കുന്ന ഫാക്ടറി, എസ്റ്റേറ്റ് തൊഴിലാളി ഉത്സവ ആനുകൂല്യങ്ങൾ-2,35,64,000/-

| | |
|---|---|
| | 11) കേരള ബാർബർ, ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി -17,00,000/-<br><br>12) എസ്റ്റേറ്റ് തൊഴിലാളി ആശ്വാസനിധി-15 ലക്ഷം<br><br>13) സാമൂഹിക സുരക്ഷ പരിപാടി -1,55,06,627/-<br><br>14) അലക്കുതൊഴിലാളി ക്ഷേമ പദ്ധതി-9,00,000/-<br><br>15) കേരള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി -80 കോടി<br><br>16) കർഷക തൊഴിലാളി പെൻഷൻ -1,36,87,2[illegible],380/- |
| (സി) മുൻ സർക്കാർ ഈ മേഖലയിലുള്ളവർക്ക് എത്ര രൂപ ആണ് വിതരണം ചെയ്തിരുന്നത് ; | (സി) മുൻ സർക്കാർ ഈ മേഖലയിൽ അഞ്ചുവർഷത്തിലാകെ 11,02,52,58,421/- രൂപ ചെലവഴിച്ചു. |
| (ഡി)ഈ സർക്കാർ എത്ര തുകയാണ് ഓരോ ഇനത്തിനും വർദ്ധിപ്പിച്ചത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷേമപെൻഷൻ ഇനത്തിൽ 100/- രൂപ വർദ്ധിപ്പിച്ചു. പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ എക്സ്ഗ്രേഷ്യ ക്യാഷ്യുവിന് 50 രൂപയും ഫാക്ടറി, എസ്റ്റേറ്റ്, കയർ, നീണ്ടകര മേഖലയ്ക്ക് യഥാക്രമം 125, 60, 50, 435 രൂപയും വർദ്ധിപ്പിച്ചു. |

**സെക്ഷൻ ഓഫീസർ**